# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1086 — 20.01.2014 -ൽ മറുപടിയ്ക്ക്

## സ്ക്കൂൾ ഗെയിംസിൽ പെൺകുട്ടികൾക്കായി ഫുട്ബോൾമൽസരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. എൻ.എ. ഖാദർ | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി ) |
| (എ) സ്ക്കൂൾ ഗെയിംസിൽ പെൺകുട്ടികൾക്കായി ഫുട്ബോൾ മൽസരം ഒരിനമായി ചേർക്കണമെന്ന വള്ളിക്കുന്ന് എം.എൽ.എ യുടെ അപേക്ഷ പ്രകാരം രണ്ടു വർഷം മുമ്പ് തന്നെ ബഹു: മുഖ്യമന്ത്രി അനുമതി നൽകി ഉത്തരവായെങ്കിലും അതുപ്രകാരം നാളിതു വരെ നടപടി സ്വീകരിയ്ക്കാത്തത് എന്തെന്ന് വ്യക്തമാക്കുമോ ;<br><br>(ബി) ഇത് സംബന്ധിച്ച നിവേദനം മുഖ്യമന്ത്രിയുടെ അനുകൂലമായ കുറിപ്പോടെ ഡി.പി.ഐ യ്ക്ക് നിയമസഭാംഗം നേരിട്ട് നൽകിയിട്ടും അതിൻമേൽ തുടർനടപടി സ്വീകരിയ്ക്കാതിരിയ്ക്കുകയും , എം.എൽ.എ യ്ക്ക് മറുപടി പോലും നൽകാതിരിയ്ക്കുകയും ചെയ്ത ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് കണ്ടെത്തി അവർക്കെതിരെ നടപടി സ്വീകരിക്കുമോ ;<br><br>(സി) പെൺകുട്ടികൾക്കായി ഫുട്ബോൾ മൽസരം ഒരിനമായി ചേർക്കണമെന്ന ആവശ്യം അടുത്ത് വരുന്ന സ്ക്കൂൾ ഗെയിംസിൽ നടപ്പാക്കുമോ ? | (എ) , (ബി) & (സി)<br>സംസ്ഥാന സ്ക്കൂൾ ഗെയിംസിൽ വനിതാ ഫുട്ബോൾ ഒരിനമായി ഉൾപ്പെടുത്തുന്നതിന് സംബന്ധിച്ച് ബഹു: മന്ത്രിമാരും, എം.എൽ.എ, ഉൾപ്പെടെയുള്ള ജനപ്രതിനിധികളും ശുപാർശ നൽകിയതിന്റെ അടിസ്ഥാനത്തിൽ 2013-14 വർഷം സ്ക്കൂൾ ഗെയിംസിൽ ഒരിനമായി വനിതാ ഫുട്ബോൾ ഉൾപ്പെടുത്തുകയും ദേശീയ മൽസരത്തിൽ പങ്കെടുക്കുന്നതിനായി ടീം തെരെഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ